# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1216** — 13.06.2013-ൽ മറുപടിയ്ക്ക്

## സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**,, പാലോട് രവി**<br>**,, കെ.ശിവദാസൻ നായർ**<br>**,, കെ.മുരളീധരൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br>(ബി) റോഡിന്റെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം വസ്തുതകളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | **(എ) & (ബി) :**<br>സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ റോഡുകൾ ഇന്ത്യൻ റോഡ്സ് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് സമഗ്രവികസനത്തിനായി തയ്യാറാക്കിയ പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി. റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ , കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (സി) 1204 കി.മീ റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് |
| (ഡി) പ്രോജക്ടിന്റെ നടത്തിപ്പിന് ഏത് തരം പങ്കാളിത്തമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;<br>(ഇ) ഏത് മാതൃകയിലാണ് പ്രസ്തുത പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | **(ഡി) & (ഇ):**<br>ഭൂമി ഏറ്റെടുക്കൽ കൂടാതെ നവീകരിക്കാവുന്ന 551 കി.മീ ദൈർഘ്യം വരുന്ന 35 റോഡുകൾ റീഹാബിലിറ്റേഷൻ പാക്കേജിലും ലഘുവായ തോതിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമായ 653 കി.മീ ദൈർഘ്യം വരുന്ന 34 റോഡുകൾ അപ്ഗ്രഡേഷൻ പാക്കേജിലുമാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ വികസിപ്പിക്കുന്ന റോഡുകൾ പി.പി.പി/ ആന്യൂറ്റി രീതിയിലും അപ്ഗ്രഡേഷൻ പാക്കേജ്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

## പതിമൂന്നാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1217 — 13.06.2013-ൽ മറുപടിയ്ക്ക്

### റോഡ് അറ്റകുറ്റപ്പണികളുടെ ആവർത്തന ചെലവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.റ്റി.ബൽറാം**<br>**,, സി.പി.മുഹമ്മദ്**<br>**,, ലൂഡി ലൂയിസ്**<br>**,, ആർ.സെൽവരാജ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവ് കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;<br><br>(ബി) ഇതിനായി ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ കാര്യത്തിൽ അവലംബിച്ച രീതി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വ്യക്തമാക്കുമോ ;<br><br>(സി) പ്രസ്തുത രീതി ഏതെല്ലാം പാതകളിലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | <u>**(എ), (ബി) & (സി) :**</u><br><br>റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവ് കുറയ്ക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ഹൈവേകളും മറ്റുപ്രധാന റോഡുകളും ബി.എം & ബി.സി ചെയ്ത് ബലപ്പെടുത്തുന്ന രീതിയാണ് ഇപ്പോൾ അവലംബിച്ചിട്ടുള്ളത്. കൂടാതെ കേരള റോഡ് ഫണ്ട് ബോർഡ്, കെ.എസ്.റ്റി.പി, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള മുതലായ ഏജൻസികൾ വഴി അന്താരാഷ്ട്ര നിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽപ്പെടുത്തി താഴെപ്പറയുന്ന റോഡുകളിൽ ദീർഘകാല പരിപാലന വ്യവസ്ഥ പ്രാവർത്തികമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>1.പിലാത്തറ-പാപ്പിനിശ്ശേരി റോഡ്-20.90 കി.മീ<br>2.കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ്-27.76 കി<br>3.തലശ്ശേരി-വളവുപാറ റോഡ് - 53.12 കി.മീ<br>4.ചെങ്ങന്നൂർ-ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് -87.90 കി.മീ<br>5.പുനലൂർ-പൊൻകുന്നം-തൊടുപുഴ റോഡ്132.22 കി.മീ<br>6.പെരുമ്പിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ റോഡ് 41.00 കി.മീ<br><br>ആകെ - 362.90 കി.മീ |

സെക്ഷൻ ഓഫീസർ